പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6606 09.07.2014-ൽ മറുപടിക്ക്</u>

## അന്തർ സംസ്ഥാന ഗതാഗതം മുഖേന നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീമതി. കെ. കെ.ലതിക<br>ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ വഴിയും തീവണ്ടികളിൽ കൂടിയും സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ വഴിയും തീവണ്ടികളിൽ കൂടിയും സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിലവിലെ സംവിധാനങ്ങൾ പര്യാപ്തമാണ്. അതിർത്തി കടന്നുവരുന്ന പാസഞ്ചർ വാണിജ്യ വാഹനങ്ങൾ എന്നിവ കർശന പരിശോധനയ്ക്ക് വിധേയമാക്കുവാൻ ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കള്ളക്കടത്ത് സാധനങ്ങൾ പിടികൂടുന്ന അവസരത്തിൽ നിയമം 47 (2) അനുശാസിക്കുന്ന നോട്ടീസ് നൽകി ജാമ്യത്തുക, പിഴ എന്നിവ ഈടാക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളും സ്പെഷ്യൽ സ്ക്വാഡുകളും മറ്റും നിരന്തരമായി പരിശോധന നടത്തുന്നു. സംസ്ഥാനത്ത് ഇപ്പോൾ |
| (ബി) | ഇത്തരത്തിൽ നടക്കുന്ന നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | 75 ഇന്റലിജൻസ് സ്ക്വാഡുകളും 81 ചെക്ക്പോസ്റ്റുകളും ഇതിനെതിരെ നടപടികൾ എടുത്തുവരുന്നു. അതിനാൽ ഇത്തരം നികുതി വെട്ടിപ്പ് നിയന്ത്രിക്കുവാൻ വകുപ്പ് സജ്ജമാണ്. ട്രെയിനുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും രേഖകളില്ലാതെ വരുന്ന സാധനങ്ങൾ പിടിച്ചെടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാർസൽ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്. ട്രെയിനുകളിൽ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് കണ്ടെത്തി നടപടി എടുക്കുന്നതിനായി പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പാഴ്സൽ ഓഫീസിനു സമീപം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ സ്ഥിരമായുള്ള ബൂത്തുകൾ റെയിൽവേയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നുണ്ട്. ട്രെയിൻ വഴി ചരക്ക് കടത്തുന്നവർ ഓൺലൈനായി ചരക്കുകളുടെ വിശദാംശങ്ങൾ ഡിക്ലയർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തു നിന്ന് റെയിൽവേ/സീപോർട്ട്/എയർ പോർട്ട് എന്നിവ വഴി സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈനിൽ ഫോം 8 FA വഴി വിശദാംശങ്ങൾ മുൻകൂറായി ഫയൽ ചെയ്യേണ്ടതാണ്. ഇത് ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തിയതിനുശേഷമാണ് സാധനങ്ങൾ അകത്തേക്ക് കടത്തി വിടുന്നത്. ഇങ്ങനെ ഡിക്ലയർ ചെയ്യാത്ത സാധനങ്ങൾ കൊണ്ടു വരുമ്പോൾ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ട്. |
| (സി) | അന്യസംസ്ഥാനത്തു നിന്നും ഇത്തരത്തിൽ സാധനങ്ങൾ കടത്തുന്നതു വഴി സംസ്ഥാനത്തിന് എന്തു തുക നികുതിയിനത്തിൽ നഷ്ടമാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | മേൽ പരാമർശിത നടപടികളിലൂടെ അനധികൃതമായി സാധനങ്ങൾ കടത്തുന്നത് മൂലമുള്ള നികുതി നഷ്ടം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും അന്യസംസ്ഥാനത്തുനിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നതുവഴി ഉണ്ടായേക്കാവുന്ന നികുതി നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് സംസ്ഥാന നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ട് എന്ന് കുരതുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നികുതി വെട്ടിപ്പ് തടയുന്നതിന് മേൽ പരാമർശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് സംസ്ഥാന നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**